1. തൃശൂർ കോർപ്പറേഷൻ 16/231/3 -ാം നമ്പർ കെട്ടിടത്തിലേക്ക് കൺസ്യൂമർ നമ്പർ 16083 പ്രകാരം അഡ്വ. പുഷ്യാ ജോസിന്റെ പേരിലുള്ള വാട്ടർ കണക്ഷനിൽ 2023 മെയ് വരെ പ്രതിമാസ ബില്ല് ശരാശരി 26/- രൂപയാണ് വന്നിരുന്നതെന്നും എന്നാൽ 2023 ജൂൺ 6 മുതൽ 2023 ജൂലൈ 29 വരെയുള്ള കാലയളവിലേക്ക് 3684/- രൂപയുടെ അമിതമായി വന്ന ബില്ല് സംബന്ധിച്ച് പരാതി സമർപ്പിച്ചിരുന്നതിൽ എയർ പ്രോബ്ലം കാരണമാണ് അമിതമായി റീഡിംഗ് കൂടിയതെന്നും ലൈസൻസ ഡ് പ്ലംബർ മുഖാന്തിരം എയർ വാൽവ് സ്ഥാപിക്കാൻ നിർദ്ദേശിക്കുകയും റീഡിംഗിന് അനുസരിച്ചുള്ള ബിൽ തുക അടവാക്കുവാൻ അറിയിക്കുകയും ചെയ്തിരുന്നു. കക്ഷി എയർ വാൽവ് സ്ഥാപിക്കുകയും ആയതിനു ശേഷമുള്ള റീഡിംഗ് 2023മെയ് മാസത്തിനു മുമ്പുള്ള തന്റെ ഉപയോഗവുമായി യോജിച്ച് പോകുന്നതാണെന്നും ആയതിനാൽ ഉയർന്ന തുക അടയ്ക്കണമെന്ന് ആവശ്യപ്പെടുന്നത് നീതീകരിക്കാൻ സാധിക്കില്ലായെന്നും ഈ തുക പിൻവലിച്ച് ഈ പ്രശ്നം പരിഹരിക്കുന്നതുവരെ പിഴകളോ കണക്ഷൻ വിച്ഛേദിക്കുന്നതോ ഒഴിവാക്കണമെന്നും തർക്കമില്ലാത്ത നിലവിലെ ചാർജുകൾ മാത്രം അടയ്ക്കാൻ അനുവാദം നൽകണമെന്നും ആവശ്യപ്പെട്ടാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.
റീഡിംഗ് ബുക്കിൽ 08/03/2022 മുതൽ 04/07/2022 വരെ നോട്ട് ക്ലീയർ എന്നും 13/08/2022 മുതൽ ഡിസോർഡറുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 25/11/2022 നു ഡിസോർഡർ നോട്ടീസ് നൽകിയതനുസരിച്ച് 06/06/2023 നാണ് പുതിയ മീറ്റർ സ്ഥാപിച്ചിട്ടുള്ളത്. ആയതിനു ശേഷമാണ് 06/06/2023 മുതൽ 29/07/2023 വരെയുള്ള കാലയളവിലെ തർക്ക ബില്ല് തുകയായ 3684/- രൂപ (81 കെ എൽ ) വെള്ളക്കരം വന്നിട്ടുള്ളത് . 29/07/2023 മുതൽ ഉപഭോക്താവിന്റെ വെള്ളത്തിന്റെ പ്രതിമാസ ഉപയോഗം 36KL, 19KL, 16KL, 20KL, 20KL എന്നിങ്ങനെയാണ് വന്നിട്ടുള്ളത്. ആയതിനാൽ *05/2023 മുതൽ 10/2023 വരേയ്ക്ക് 5,052/- രൂപ വന്നിട്ടുള്ള കാലയളവിലെ വാട്ടർ ചാർജ്; മുൻകാലങ്ങളിലെ മീറ്റർ റീഡിങ് ലഭ്യമല്ലാത്തതിനാൽ, ശരിയായ രീതിയിൽ എയർ വാൽവ് സ്ഥാപിച്ചതിനു ശേഷമുള്ള കക്ഷിയുടെ 4 മാസത്തെ ഉപയോഗം പരിശോധിച്ചു ആവറേജ് ചെയ്തു നൽകാവുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ ശുപാർശ ചെയ്തിട്ടുള്ളതാണ്. ആയത് പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൌൺസിലിലേക്ക് ശുപാർശ ചെയ്തിട്ടുള്ളതാണ് . ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം ആയത് നാല് മാസത്തെ ഉപയോഗം ആവറേജ് പരിശോധിച്ച് ആവറേജ് കണക്കാക്കി വാട്ടർ സപ്ലൈ ബൈലോസ് & റെഗുലേഷൻസ് പ്രകാരം ബിൽ തുക ഈടാക്കുന്നതിന് തീരുമാനിച്ചു. നിയമാനുസൃതം*

*മീറ്റർ ഘടിപ്പിക്കുമ്പോൾ എയർ വാൽവ് അടക്കം ഘടിപ്പിക്കുന്നതിനും പ്ലംബർമാർക്ക് നിർദ്ദേശം നൽകുന്നതിന് AE വാട്ടർ നെ ചുമതലപ്പെടുത്തുന്നതിനും ഭൂരിപക്ഷ തീരുമാന പ്രകാരം തീരുമാനിച്ചു.*

43. **വിഷയം (ഫയൽ നമ്പർ - 363220-2026)**

തൃശ്ശൂർ കോർപ റേഷൻ- കൂർക്കഞ്ചേരി സോണൽ - കാനകൾ പുനരുദ്ധാരണം -മുൻകൂർ അനുമതി സാധൂകരണത്ത്തിനായി

**തീരുമാനം**

1. തൃശൂർ കോർപറേഷൻ കൂർക്കഞ്ചേരി സോണൽ പരിധിയിൽ സംസ്ഥാന സ്കൂൾ യുവജനോത്സവം ,കൂർക്കഞ്ചേരി പൂയം , തൃശൂർ പൂരം എന്നിവയുമായി ബന്ധപ്പെട്ട് അടിയന്തിരമായി കാനകൾ പുനരുദ്ധാരണം ചെയ്യുന്ന പ്രവർത്തിയുടെ 70,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിന് നു ബഹു മേയർ 06-01-2026 നു നൽകിയ മുൻകൂർ അനുമതി സാധൂകരിക്കുന്നതിനും തീരുമാനിച്ചു.

44. **വിഷയം (ഫയൽ നമ്പർ - 2800259-2024)**

തൃശ്ശൂർ കോർപറേഷൻ-ജയ്ഹിന്ദ് മാർക്കറ്റിലെ റൂഫിന്റെ ലീക്കേജ് തടയുന്നതിനായി ലീക്ക് പ്രൂഫിങ് ആൻഡ് മെയ്ന്റനൻസ് എന്ന പ്രവൃത്തിയുടെ ചുമതലയിൽ നിന്നും കരാറുകാരനെ വിടുതൽ ചെയ്യുന്നതിന് അനുമതി നൽകുന്നത് - സംബന്ധിച്ച്

**ചർച്ച**

Smitha Aneesh വാർഡ് - 26 (വിയോജിച്ചു):

അജണ്ട 44 ബന്ധപ്പെട്ട എഞ്ചിനീയറിംഗ് / ഇലക്ട്രിക് ഉദ്യോഗസ്ഥരുടെ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ച ശേഷം നിയമാനുസരണം നടപടി സ്വീകരിക്കൽ അല്ലാത്ത പക്ഷം വിയോജനം രേഖപ്പെടുത്തുന്നു.

T R Hiran വാർഡ് - 6 (വിയോജിച്ചു):

അജണ്ട 44 ബന്ധപ്പെട്ട എഞ്ചിനീയറിംഗ് / ഇലക്ട്രിക് ഉദ്യോഗസ്ഥരുടെ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ച ശേഷം നിയമാനുസരണം നടപടി സ്വീകരിക്കൽ അല്ലാത്ത പക്ഷം വിയോജനം രേഖപ്പെടുത്തുന്നു.

Sindhu Thaikkadan വാർഡ് - 8 (വിയോജിച്ചു):

അജണ്ട 44 ബന്ധപ്പെട്ട എഞ്ചിനീയറിംഗ് / ഇലക്ട്രിക് ഉദ്യോഗസ്ഥരുടെ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ച ശേഷം നിയമാനുസരണം നടപടി സ്വീകരിക്കൽ അല്ലാത്ത പക്ഷം വിയോജനം രേഖപ്പെടുത്തുന്നു.

Adv Anees Ahammad T A വാർഡ് - 14 (വിയോജിച്ചു):

അജണ്ട 44 ബന്ധപ്പെട്ട എഞ്ചിനീയറിംഗ് / ഇലക്ട്രിക് ഉദ്യോഗസ്ഥരുടെ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ച ശേഷം നിയമാനുസരണം നടപടി സ്വീകരിക്കൽ അല്ലാത്ത പക്ഷം വിയോജനം രേഖപ്പെടുത്തുന്നു.

Sowmya Pradeesh വാർഡ് - 16 (വിയോജിച്ചു):

അജണ്ട 44 ബന്ധപ്പെട്ട എഞ്ചിനീയറിംഗ് / ഇലക്ട്രിക് ഉദ്യോഗസ്ഥരുടെ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ച ശേഷം നിയമാനുസരണം നടപടി സ്വീകരിക്കൽ അല്ലാത്ത പക്ഷം വിയോജനം രേഖപ്പെടുത്തുന്നു.

M L Rosy വാർഡ് - 19 (വിയോജിച്ചു):

അജണ്ട 44 ബന്ധപ്പെട്ട എഞ്ചിനീയറിംഗ് / ഇലക്ട്രിക് ഉദ്യോഗസ്ഥരുടെ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ച ശേഷം നിയമാനുസരണം നടപടി സ്വീകരിക്കൽ അല്ലാത്ത പക്ഷം വിയോജനം രേഖപ്പെടുത്തുന്നു.

Jees George വാർഡ് - 20 (വിയോജിച്ചു):

അജണ്ട 44 ബന്ധപ്പെട്ട എഞ്ചിനീയറിംഗ് / ഇലക്ട്രിക് ഉദ്യോഗസ്ഥരുടെ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ച ശേഷം നിയമാനുസരണം നടപടി സ്വീകരിക്കൽ അല്ലാത്ത പക്ഷം വിയോജനം രേഖപ്പെടുത്തുന്നു.

Dr Keerthana Karthikeyan വാർഡ് - 30 (വിയോജിച്ചു):

അജണ്ട 44 ബന്ധപ്പെട്ട എഞ്ചിനീയറിംഗ് / ഇലക്ട്രിക് ഉദ്യോഗസ്ഥരുടെ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ച ശേഷം നിയമാനുസരണം നടപടി സ്വീകരിക്കൽ അല്ലാത്ത പക്ഷം വിയോജനം രേഖപ്പെടുത്തുന്നു.

Limna Manoj വാർഡ് - 32 (വിയോജിച്ചു):

അജണ്ട 44 ബന്ധപ്പെട്ട എഞ്ചിനീയറിംഗ് / ഇലക്ട്രിക് ഉദ്യോഗസ്ഥരുടെ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ച ശേഷം നിയമാനുസരണം നടപടി സ്വീകരിക്കൽ അല്ലാത്ത പക്ഷം വിയോജനം രേഖപ്പെടുത്തുന്നു.

P Sukumaran വാർഡ് - 39 (വിയോജിച്ചു):

അജണ്ട 44 ബന്ധപ്പെട്ട എഞ്ചിനീയറിംഗ് / ഇലക്ട്രിക് ഉദ്യോഗസ്ഥരുടെ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ച ശേഷം നിയമാനുസരണം നടപടി സ്വീകരിക്കൽ അല്ലാത്ത പക്ഷം വിയോജനം രേഖപ്പെടുത്തുന്നു.

Sijith M S വാർഡ് - 41 (വിയോജിച്ചു):

അജണ്ട 44 ബന്ധപ്പെട്ട എഞ്ചിനീയറിംഗ് / ഇലക്ട്രിക് ഉദ്യോഗസ്ഥരുടെ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ച ശേഷം നിയമാനുസരണം നടപടി സ്വീകരിക്കൽ അല്ലാത്ത പക്ഷം വിയോജനം രേഖപ്പെടുത്തുന്നു.

Sunitha Vinod വാർഡ് - 49 (വിയോജിച്ചു):

അജണ്ട 44 ബന്ധപ്പെട്ട എഞ്ചിനീയറിംഗ് / ഇലക്ട്രിക് ഉദ്യോഗസ്ഥരുടെ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ച ശേഷം നിയമാനുസരണം നടപടി സ്വീകരിക്കൽ അല്ലാത്ത പക്ഷം വിയോജനം രേഖപ്പെടുത്തുന്നു.

Shaju Kundoly വാർഡ് - 53 (വിയോജിച്ചു):

അജണ്ട 44 ബന്ധപ്പെട്ട എഞ്ചിനീയറിംഗ് / ഇലക്ട്രിക് ഉദ്യോഗസ്ഥരുടെ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ച ശേഷം നിയമാനുസരണം നടപടി സ്വീകരിക്കൽ അല്ലാത്ത പക്ഷം വിയോജനം രേഖപ്പെടുത്തുന്നു.

**തീരുമാനം**

1. തൃശ്ശൂർ കോർപറേഷൻ സെൻട്രൽ സോൺ ഡിവി.36 ജയ്ഹിന്ദ് മാർക്കറ്റ് ബിൽഡിംഗ് ൽ പ്രവർത്തിച്ചുവരുന്ന വിവിധ ഓഫീസിൽ നിന്നും സിലിങ് അടർന്നു വീഴുന്നു എന്ന പരാതി

ലഭിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് ലീക്കേജ് തടയുന്നതിന് കെട്ടിടത്തിന്റെ roof top ൽ വാട്ടർ പ്രൂഫിങ് ചെയ്യുവാനുള്ള പ്രൊജക്റ്റ് വച്ച് അംഗീകാരം നേടിയത്. എന്നാൽ ടി കെട്ടിടത്തിനു മുകളിൽ സോളാർപാനൽ സ്ഥാപിച്ചിരിക്കുന്നതിനാൽ വർക്ക് ചെയ്യുന്നതിന് ബുദ്ധിമുട്ട് ആകുന്നുവെന്നും അത് മാറ്റിനൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും കരാറുകാരൻ രേഖാമൂലം ആവശ്യപ്പെട്ടിരുന്നു.സോളാർ പാനലുകളും വയറിംഗ്കളും ഒപ്പെൻ ടെറസ് ലെവലിൽ നിന്ന് ആവശ്യമായ ഉയരത്തിൽ വയ്ക്കുന്നതിനോ അവിടെ നിന്നും അത് തത്ക്കാലത്തേക്ക് മാറ്റുന്നതോ സാങ്കേതികമായി നടപ്പിലാക്കാൻ കഴിയാത്തതും ടി പ്രവർത്തി നടപ്പാക്കുന്ന പക്ഷം സോളാർ പാനലുകളുടെ പ്രവർത്തനത്തെ ബാധിക്കുന്നതും സോളർ പാനലുകൾ നശിക്കുവാൻ ഇടയാക്കുന്നതും വൻ സാമ്പത്തിക നഷ്ടം വരുത്തി വയ്ക്കുന്നതുമാണെന്ന് അസി . സെക്രട്ടറി TCED റിപ്പോർട്ട് ചെയ്തിരുന്നു. നിലവിലെ സംവിധാനത്തിന് disturbance ആകാത്ത തരത്തിൽ പ്രോജ്.നം.1450/2023/ (pro. no. 1205) urgent leakage project maintenance in jaihind market building എന്ന പ്രവർത്തി നടപ്പിലാക്കാൻ സാധിക്കാത്തതിനാൽ ടീ പ്രവർത്തി ഒഴിവാക്കേണ്ടതായ സാഹചര്യം നിലനിൽക്കുന്നു എന്ന് കാണിച്ച് work file ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ ജയ്ഹിന്ദ് മാർകറ്റിലെ ടീ കെട്ടിടം structurally unstable ആയ 144 കെട്ടിടങ്ങളുടെ list ൽ ഉൾപ്പെടുത്തിയിയിട്ടുള്ളതാണെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ഈ സഹചര്യത്തിൽ മേൽ പ്രവൃത്തി ഏറ്റെടുത്തിയിരിക്കുന്ന സിനോജ് പി ദേവസ്സി എന്നിവരെ പ്രവർത്തി ചെയ്യുന്നതിൽ നിന്നും ഒഴിവാക്കുന്നതിനും ടിയാന്റെ സുരക്ഷിത നിക്ഷേപം മടക്കി നൽകുന്നതിനും തീരുമാനിച്ചു.

**സെക്രട്ടറിയുടെ അഭിപ്രായം**

ടി കെട്ടിടം structurally unstable ആണെങ്കിൽ ആയത് അടിയന്തിരമായി ബലപ്പെടുത്തേണ്ടതാണ് അല്ലെങ്കിൽ പൊളിച്ചു നീക്കം ചെയ്യേണ്ടതാണ് എന്ന് കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു.

45. **വിഷയം (ഫയൽ നമ്പർ - 1746180-2024)**

**തൃശ്ശൂർ കോർപ്പറേഷൻ - കൂർക്കഞ്ചേരി മേഖല കാര്യാലയം സ്ഥിതി ചെയ്യുന്ന പഴയ ബിൽഡിംഗ് പൊളിച്ച് നീക്കുന്നത് - സംബന്ധിച്ച്**

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷൻ കൂർക്കഞ്ചേരി മേഖല കാര്യാലയം നിലവിൽ സ്ഥിതി ചെയ്യുന്ന കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള സർവ്വേ റിപ്പോർട്ട് പ്രകാരം കെട്ടിടത്തിന്റെ മൂല്യം 2,10,154/-രൂപയാണ്. ആയത് പരിഗണിച്ച ബഹു.പൊതുമരാമത്ത് സ്ഥിരം സമിതി 07-07-2025 ലെ യോഗത്തിന്റെ 5 ാം നമ്പർ ശുപാർശ പരിഗണിച്ച് പ്രകാരം കൂർക്കാഞ്ചേരി മേഖല കാര്യാലയം പൊളിച്ചു നീക്കാൻ തീരുമാനിച്ചു.
Assesed Value of Materials-1539845.11/-
Demolishing Charges-------1329690.73/-
Value of Serviceables --------210154.38/-

46. **വിഷയം (ഫയൽ നമ്പർ - 5274753-2025)**

തൃശ്ശൂർ മുനിസിനപ്പൽ കോർപ്പ റേഷൻ-ഒല്ലൂർ ഡിവിഷൻ 28 കോർപ്പ്റേഷൻ ഫണ്ട് ഉപയോഗിച്ച് നിർമ്മി ച്ച (തോട്ടപ്പടി സബ്സെന്റർ)അഞ്ചേരി ആയുഷ്മാൻ ആരോഗ്യ മന്ദിരത്തിന്റെ ക്വാർട്ടേഴ്സിന്റെ ഉദ്ഘാടനം -അഡ്വാൻസ് അനുവദിക്കുന്നതിന് ബഹു മേയർ നല്കിയ മുൻകൂർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷൻ ഡിവിഷൻ-28 ൽ കോർപ്പറേഷൻ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച (തോട്ടപ്പടി സബ് സെന്റർ ) അഞ്ചേരി ആയുഷ്മാൻ ആരോഗ്യ മന്ദിരത്തിന്റെ ക്വാർട്ടേഴ്സിന്റെ ഉദ്ഘാടനം 20.10.2025 തിയ്യതി ബഹു മേയർ ശ്രീ എം കെ വർഗ്ഗീസ് നിർവ്വഹിച്ചിട്ടുള്ളതാണ്. ആയതിന്റെ ക്രമീകരണങ്ങൾക്കായി ബഹു മേയറുടെ മുൻകൂർ അനുമതിയുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറിയുടെ 17/10/2025 തീയതിയിലെ ഉത്തരവ് പ്രകാരം 25,000/-രൂപ അഡ്വാൻസ് ഒല്ലൂർ സോണൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി.സുജ ജോർജ്.സി എന്നവർക്ക് അനുവദിച്ചിട്ടുള്ളതാണ്. 13/02/2026 തീയതിയിലെ ധനകാര്യകമ്മിറ്റിയുടെ 89-ാം നമ്പർ തീരുമാനപ്രകാരം ചെലവായ തുക 25000/- രൂപയിൽ നിജപ്പെടുത്തി അംഗീകരിച്ചിട്ടുള്ളതുമാണ് . ആയത് പരിഗണിച്ച് ബഹു. മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നതിനും തീരുമാനിച്ചു.

47. **വിഷയം (ഫയൽ നമ്പർ - 3200137-2025)**

തൃശ്ശൂർ കോർപ്പറേഷൻ - ജല വിതരണ വിഭാഗം - അമൃത് പദ്ധതിയിൽ കുടിവെള്ള കണക്ഷൻ അനവദിക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. കേരള വാട്ടർ അതോറിറ്റി മുഖാന്തിരം ജല വിതരണം നടത്തുന്ന സോണൽ പ്രദേശങ്ങളിൽ അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിനായി, കുടിവെള്ള കണക്ഷൻ ആവശ്യമുള്ള ഉപഭോക്താക്കളുടെ ലിസ്റ്റ് നൽകുന്നതിനായി കേരള വാട്ടർ അതോറിറ്റിയിൽ നിന്നും അറിയിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം തൃശ്ശൂർ കോർപ്പറേഷനിലെ വിവിധ ഡിവിഷനുകളിലെ കൌൺസിലർമാർ നൽകിയ താഴെ പറയുന്നത് പ്രകാരമുള്ള കുടിവെള്ള കണക്ഷനുകൾ അനുവദിക്കുന്നതിന് തീരുമാനിച്ചു.
1) ശ്രീമതി പത്മിനി ഷാജി - ഡിവി. 43 - ടി ഡിവിഷനിലെ 49 പേർക്ക്
2)ഡിവിഷൻ 14- ശ്രീ അനീസ് അഹമ്മദ് - ടി ഡിവിഷനിൽ 2.800 കി മീ പൈപ്പ് ലൈൻ വലിക്കുന്നതിനും , 150 പുതിയ കണക്ഷൻ നൽകുന്നതിനും
3) ഡിവിഷൻ 16- ശ്രീമതി സൌമ്യ പ്രദീഷ് - ടി ഡിവിഷനിൽ 2500 മീ പൈപ്പ് ലൈനും, 300 കണക്ഷൻ നൽകുന്നതിനും
4) ശ്രീ. ടി ആർ. ഹിരൺ - ഡിവി - 6 - 2500 മീ.പൈപ്പ്ലൈനും, 300 പേർക്ക് കണക്ഷൻ നൽകുന്നതിനും
5)ശ്രീമതി മേഫി ഡെൽസൺ - ഡിവി-56 - പുതൂർക്കര - ടി ഡിവിഷനിൽ പൈപ്പ് കണക്ഷൻ കൊടുക്കാൻ 25 പേർക്ക് കണക്ഷൻ നൽകുന്നതിന്

6)ഡിവിഷൻ 13 - ശ്രീമതി നീതു കെ - 68 പേർക്ക് കണക്ഷൻ നൽകുന്നതിന്
7)ഡിവിഷൻ 12 - ശ്രീമതി സിന്റോ മോൾ സോജൻ - 68 പേർക്ക് കണക്ഷൻ നൽകുന്നതിന്
8) ഡിവിഷൻ 53- ശ്രീ. ഷാജു കുണ്ടോളി -108 പേർക്ക് കണക്ഷൻ നൽകുന്നതിന്
9) ഡിവിഷൻ 34- ജെയ്ക്കബ് പുലിക്കോട്ടിൽ -40 പേർക്ക് കണക്ഷൻ നൽകുന്നതിന്

48. **വിഷയം (ഫയൽ നമ്പർ - 3652288-2025)**

തൃശൂർ കോർപറേഷൻ-മരാമത്ത് വിഭാഗം- ബഹു മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നത്- സംബന്ധിച്ച്

**തീരുമാനം**

1. 2026 ലെ റിപ്പബ്ലിക്ക് ദിനാഘോഷ( ജനുവരി 26 ) വുമായി ബന്ധപ്പെട്ട് തേക്കിൻകാട് മൈതാനത്തിൽ റിപ്പബ്ലിക്ക് ദിന പരേഡ് നടത്തുന്നതിന് മുന്നോടിയായി നിലം നിരപ്പാക്കുന്നതിനും,പോർട്ടബിൾ ടോയ്‌ലറ്റ് ക്രമീകരിക്കുന്നതിനും,ഫ്ലാഗ് പോസ്റ്റ് ചെയ്യുന്നതിനും, എം-സാന്റ് ഉപയോഗിച്ച് നിലം വൃത്തിയാക്കുന്നതിനും നിരപ്പാക്കുന്നതിനുമുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ 1, Raphy K O-254153/- 2.Muhammedali V A-255049/-എന്നീ രണ്ടു ടെൻഡർ ലഭ്യമാകുകയും ആയതിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ ശ്രീ. റാഫി.കെ.ഒ എന്നവരുടെ ടെൻഡർ അംഗീകരിക്കുന്നതിനും ബഹു,മേയർ മുൻകൂർ അനുമതി സാധൂകരിക്കുന്നതിനും തീരുമാനിച്ചു.

49. **വിഷയം (ഫയൽ നമ്പർ - 1050025-2026)**

അമൃത് 2.0 കോർ കമ്മിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ചു

**തീരുമാനം**

1. അമൃത് 2.0 പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ടു പദ്ധതി ആസൂത്രണം, നിർവഹണം എന്നിവയുടെ മേൽനോട്ടം വഹിക്കുന്നതിനും ആവശ്യമായ നിർദേശം നൽകുന്നതിനും എല്ലാ നഗരസഭകളിലും ഒരു കോർ കമ്മിറ്റി രൂപീകരിച്ചു മിഷൻ സ്റ്റേറ്റ് മാനേജ് മെന്റ് യൂണിറ്റിനെ അറിയിക്കാൻ 27/1/26 ലെ SMMU/AMRUT2.0/01/2026/CB-ISE പ്രകാരം അറിയിച്ചിട്ടുള്ളതാണ്. തൃശൂർ കോർപ്പറേഷനിൽ നിലവിലുള്ള താഴെ പറയുന്ന ലിസ്റ്റ് പ്രകാരം കോർ കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചു.
ഇൻഡിക്കേറ്റീവ് ലിസ്റ്റ്: 1. മേയർ/ചെയർപേഴ്സൺ
2. ഡെപ്യൂട്ടി മേയർ/വൈസ് ചെയർപേഴ്സൺ
3. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ - പബ്ലിക് വർക്സ്
4. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ - ആരോഗ്യം
5. കൗൺസിലർമാർ (2-ൽ കുറയാതെ)
6. നഗരസഭ സെക്രട്ടറി
7. നഗരസഭ എഞ്ചിനീയർ
8. കേരള വാട്ടർ അതോറിറ്റി എഞ്ചിനീയർ (എക്സിക്യൂട്ടീവ് എഞ്ചിനീയർ റാങ്കിൽ കുറയാത്തത്)

9. സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റിന്റെ പ്രതിനിധി - നിഖിൽ

50. **വിഷയം (ഫയൽ നമ്പർ - 3572152-2025)**

തൃശ്ശൂർ കോർപ്പറേഷൻ -ഡിവിഷൻ -2-ൽ പുതിയതായി നിർമിച്ചിട്ടുള്ള ഗാന്ധി പാർക്കിലേക്ക് മഹാത്മാ ഗാന്ധിയുടെ പൂർണകായ പ്രതിമ സ്ഥാപിക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷൻ -ഡിവിഷൻ -2-ഇൽ പുതിയതായി നിർമ്മിച്ചിട്ടുള്ള ഗാന്ധി പാർക്കിലേക്ക് മഹാത്മാ ഗാന്ധിയുടെ പൂർണകായ പ്രതിമ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന ഡിവിഷൻ കൗൺസിലറുടെ അപേക്ഷയിൽ 27/10/25 ലെ മരാമത്തു കാര്യ കമ്മിറ്റിയുടെ തീരുമാനം 26 പ്രകാരം ഡിവിഷൻ 02 ഇൽ പുതുതായി നിർമിച്ച ഗാന്ധിപാർക്കിലേക്കു മഹാത്മാ ഗാന്ധിയുടെ പൂർണകായ പ്രതിമ സ്ഥാപിക്കുന്നതിന് നിയമാനുസൃതം അനുമതി നൽകുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്.ഗാന്ധി പാർക്ക് നിർമ്മാണം എന്ന പ്രവൃത്തി PROJECT NO .504/24 സിവിൽ വർക്ക് പൂർത്തീകരിക്കുന്നതിന് പുതിയ പ്രേജക്ട് വയ്ക്കുന്നതിനും തീരുമാനിച്ചു.

51. **വിഷയം (ഫയൽ നമ്പർ - 1689689-2026)**

അമൃത് - തൃശൂർ കോർപ്പറേഷൻ ഓഫീസിലും ജില്ലാ ആശുപത്രിയിലും മൾട്ടിലെവൽ കാർ പാർക്കിംഗ് -ഓപ്പറേറ്റർമാരെ നിയമിക്കുന്നതും , AMC ഏർപ്പെടുത്തുന്നതും സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷൻ ഓഫീസിലേയും, ജില്ലാ ആശുപത്രിയിലേയും മൾട്ടി ലെവൽ കാർ പാർക്കിംഗിന്റെ ശരിയായ പ്രവർത്തനത്തിനായി സാങ്കേതിക പരിജ്ഞാനം ഉള്ള പരിശീലനം ലഭിച്ച ഓപ്പറേറ്റർമാരെ നിയമിക്കുന്നത് സംബന്ധിച്ചും , AMC ഏർപെടുത്തുന്നത് സംബന്ധിച്ചും , നിലവിലെ കരാറുകാരനായ ശ്രീ മിജോയ് മാമു കത്ത് സമർച്ചിട്ടുള്ളതാണ് . മെക്കാനിക്കൽ മൾട്ടി ലെവൽ പാർക്കിംഗിന്റെ രണ്ട് സ്ഥലത്തും (കോർപ്പറേഷൻ , ജില്ലാ ആശുപത്രി) നിലവിൽ കരാറുകാരൻ നിയമിച്ച സാങ്കേതിക ജീവനക്കാരാണ് പ്രവർത്തിപ്പിക്കുന്നത്. നിരവധി അനിഷ്ട സംഭവങ്ങൾ ഉണ്ടായതിനാൽ, 2025 ഓഗസ്റ്റിൽ ബഹു മേയറുടെയും സെക്രട്ടറിയുടെയും എഞ്ചിനീയറിംഗ് വകുപ്പിന്റെയും ഒരു യോഗത്തിൽ, രണ്ട് സ്ഥലങ്ങളിലും പ്രത്യേകമായി സാങ്കേതിക ജീവനക്കാരെ നിയമിക്കാമെന്നും അവരെ പരിശീലിപ്പിക്കാമെന്നും തീരുമാനിച്ചു. 2 മാസത്തെ പരിശീലനത്തിന് ശേഷം കോർപ്പറേഷൻ ഈ ജീവനക്കാരെ നിയമിക്കുമെന്നും അല്ലെങ്കിൽ ചില ക്രമീകരണങ്ങൾ ചെയ്യുമെന്നും ഉറപ്പുനൽകി. തുടർ പ്രവർത്തനവും ആനുകാലിക അറ്റകുറ്റപ്പണിയും ടിയാന്റെ പരിധിയിൽ വരുന്നതല്ല എന്നും കത്തിൽ സൂചിപ്പിച്ചിരിക്കുന്നു. MLCP പ്രവർത്തിക്കുന്നതിനു വേണ്ടി കഴിഞ്ഞ 6-7 മാസമായി ടിയാൻ ഓപ്പറേറ്റർമാരെ നിയമിക്കുകയും ഈ അധിക ചുമതല ഏറ്റെടുക്കുകയും ചെയ്തു. ഈ മാസം - ഫെബ്രുവരി 2026 അവസാനത്തോടെ ഈ സേവനങ്ങൾ നിർത്തുമെന്ന് ടിയാൻ കത്തിലൂടെ അറിയിച്ചിട്ടുണ്ട്. ഈ സംവിധാനത്തിനായി കോർപ്പറേഷൻ ഇതുവരെ AMC-

യിൽ ഏർപ്പെട്ടിട്ടില്ല എന്നും സർക്കാർ മാനദണ്ഡങ്ങൾക്കനുസൃതമായി എല്ലാ ലിഫ്റ്റുകൾക്കും AMC സൗകര്യവും ഇൻഷുറൻസും ഉറപ്പാക്കേണ്ടതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് നിബന്ധനകൾ ഉള്ളതായും അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ തൃശൂർ കോർപ്പറേഷൻ ഉടമസ്ഥയിലുള്ള കോർപ്പറേഷൻ മെയിൻ കെട്ടിടത്തിലെയും, ജില്ലാ ആശുപത്രിയിലെയും MLCP-കളിൽ അടിയന്തിരമായി, പരിശീലനം ലഭിച്ച താൽക്കാലിക ഓപ്പറേറ്റർമാരെ നിയമിക്കുന്നതിനും, MLCP-കളുടെ AMC-ക്കുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനും. മൾട്ടി ലെവൽ കാർ പാർക്കിംഗ് ഓപ്പറേറ്റർമാർ ഉൾപ്പെടെയുള്ള എ.എം.സി വച്ച് കരാറിൽ ഏർപ്പെടുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

52. **വിഷയം (ഫയൽ നമ്പർ - 1736202-2026)**

WS 1-1736202-2026-തൃശ്ശൂർ കോർപ്പറേഷൻ-ജലവിതരണ വിഭാഗം--WET കൺട്രോൾ റൂം-സീനിയർ ടെക്നീഷ്യൻ-നിയമനം-കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്-

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷന്റെ ജലവിതരണ സംവിധാനം സുസ്ഥിരവും കുറ്റമറ്റതും ആക്കുന്നതിനായി അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതി യാണ് WET (Water Efficient Thrissur). ഈ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ജലവിതരണ ശ്യംഖല GPR ടെക്നോളജി ഉപയോഗിച്ച് രേഖപ്പെടുത്തി ഉപഭോക്താക്കളെയും,വിതരണ ശൃഖലയേയും GPS സംവിധാനം ഉപയോഗിച്ച് രേഖപ്പെടുത്തിയിട്ടുള്ളതും,നഗരത്തിന്റെ പ്രധാനപ്പെട്ട ഭാഗങ്ങളിൽ സ്മാർട്ട് വാട്ടർ മീറ്ററുകൾ സ്ഥാപിച്ചിട്ടുള്ളതുമാണ്. ജലവിതരണ വിഭാഗം പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിന് വേണ്ടിയാണ് പ്രസ്തുത പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആയതിന്റെ തുടർച്ചയായി WET 2 പദ്ധതിയും നടപ്പിലാക്കുന്നു.
   മേൽ പ്രവർത്തനങ്ങളുടെ ഏകോപനത്തിനും സുഗമമായ നടത്തിപ്പിനുമായി കോർപ്പറേഷനിൽ ഒരു കൺട്രോൾ റൂം സജ്ജീകരിച്ചിട്ടുള്ളതാണ്. WET 1 പദ്ധതിക്കായി രൂപകൽപ്പന ചെയ്തിട്ടുള്ള SCADA & Billing Application സോഫ്റ്റ് വെയറുകൾ ഉപയോഗിച്ച് Smart Meter Reports, Dashboard Data എന്നിവ തയ്യാറാക്കൽ, e-POS Training & Billing എന്നിവയുടെ കാര്യക്ഷമമായ ഉപയോഗവും നിരീക്ഷണവും ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട മേഖലയിൽ പ്രവൃത്തി പരിചയമുള്ള വ്യക്തിയുടെ സേവനം നിലവിൽ അത്യന്താപേക്ഷിതമാണ്. WET 2 പ്രകാരം 51 AMR സ്മാർട്ട് മീറ്ററുകളുടെ സ്ഥാപനം,7 LoRaWAN നെറ്റ് വർക്ക് സംവിധാനങ്ങളുടെ സജ്ജീകരണം, 4000 ജല കണക്ഷനുകളിൽ സ്മാർട്ട് മീറ്റർ സ്ഥാപിക്കൽ എന്നിവ ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതും ജലവിതരണ വിഭാഗത്തെ സമ്പൂർണ്ണമായി ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റേണ്ടതുമുണ്ട്.WET കൺട്രോൾ സിസ്റ്റം പ്രവർത്തിക്കുന്നതിനും പരിശോധനകൾക്കും, ക്വാളിഫൈഡ് ആയ ഒരു സീനിയർ ടെക്ക്നീഷ്യനെ ആവശ്യമായതിനാൽ ദിവസവേതനാടിസ്ഥാനത്തിൽ സിവിൽ എഞ്ചിനീയറിംഗിൽ ബി-ടെക് യോഗ്യതയായി നിശ്ചയിച്ചും, കംമ്പ്യൂട്ടർ പരിജ്ഞാനവും, സംസ്ഥാനത്ത് ജലവിതരണ മേഖലയിൽ പ്രവർത്തി പരിചയമുള്ളവർക്ക് മുൻഗണന നൽകിക്കൊണ്ടും Walk-in -interview നടത്തി നിയമിതയായ ശ്രീമതി.സബീന സലിം എന്നവരുടെ 179 ദിവസത്തെ നിയമന കാലാവധി 30-4-2026 തിയതിയിൽ അവസാനിക്കുകയാണ്. ടിയാൾ സമർപ്പിച്ച അപേക്ഷ പരിഗണിച്ചും ജലവിതരണ

വിഭാഗത്തിൽ AE (P) ആയി 2 വർഷം 9 മാസം ജോലി ചെയ്ത മുൻപരിചയമുള്ളതിനാലും WET CONTROL ROOM ന്റെ തുടർപ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കുന്നതിനും WET 1.0,WET 2.0 പദ്ധതികളുടെ തുടർച്ചയും അനുബന്ധ പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനുമായി ശ്രീമതി.സബീന സലിം എന്നിവരെ കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചു നൽക്കുന്നതിനും തീരുമാനിച്ചു.

53. **വിഷയം (ഫയൽ നമ്പർ - 2115955-2026)**

തൃശൂർ കോർപറേഷൻ -പൊതുമരാമത്തു വിഭാഗം -തൃശ്ശൂർനിയോജക മണ്ഡലം ബഹു MLA ആസ്തി വികസന ഫണ്ട് 2025-26 പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന 'വടൂക്കര പുത്തൻ കുളം പാർശ്വ ഭിത്തി നിർമ്മാണം ' എന്ന പ്രവൃത്തിക്ക് കൌൺസിൽ തീരുമാനം ലഭ്യമാക്കുന്നത് -സംബന്ധിച്ച്

**തീരുമാനം**

1. തൃശൂർ കോർപറേഷൻ -പൊതുമരാമത്തു വിഭാഗം -തൃശ്ശൂർ നിയോജക മണ്ഡലം ബഹു MLA 2025-26 പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന 'വടൂക്കര പുത്തൻ കുളം പാർശ്വ ഭിത്തി നിർമ്മാണം ' എന്ന പ്രവൃത്തിക്ക് തുക അനുവദിക്കുന്നതിന്, ബഹു MLA ശുപാർശ ചെയ്തിട്ടുള്ളതും നഗരസഭ സുപ്രണ്ടിംഗ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നിയോഗിച്ചിട്ടുള്ളതുമാണ്. ടി പ്രവൃത്തിയുടെ ഭരണാനുമതിക്കായി എസ്റ്റിമേറ്റ് ,അനുബന്ധ രേഖകളും സമർപ്പിക്കുന്നതിന് ആവശ്യപ്പെട്ട്കൊണ്ടുള്ള ബഹുജോയിന്റ് ഡയറക്ടറുടെ 15-02-2026 ലെ LSGD/JD/TSR/9 9 2/2026-F5 കത്ത് ലഭ്യമായിട്ടുണ്ട് . ടി പ്രവൃത്തിയുടെ ഭരണാനുമതി നൽകുന്നതിന് തീരുമാനിച്ചു.

54. **വിഷയം (ഫയൽ നമ്പർ - 2162376-2026)**

തൃശ്ശൂർ കോർപ്പറേഷൻ-പൊതുമരാമത്ത് വിഭാഗം-തൃശ്ശൂർ നിയോജകമണ്ഡലം എം എൽ എ 2025-26 വർഷത്തെ പ്രത്യേക വികസന ഫണ്ടിൽ നിന്നും തുക വിനിയോഗിച്ച് ആംബുലൻസ് വാങ്ങുന്ന പ്രവൃത്തിക്ക് കൗൺസിൽ അംഗീകാരം സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷൻ-പൊതുമരാമത്ത് വിഭാഗം-തൃശ്ശൂർ നിയോജകമണ്ഡലം എം എൽ എ യുടെ 2025-26 വർഷത്തെ പ്രത്യേക വികസന ഫണ്ടിൽ നിന്നും തുക വിനിയോഗിച്ച് പ്രൊഫ. എം മുരളീധരൻ ,പെയിൻ & പാലിയേറ്റീവ് സൊസൈറ്റിക്ക് ആംബുലൻസ് വാങ്ങുന്ന പ്രവൃത്തിയുടെ ഭരണാനുമതിക്കായി കൗൺസിൽ അംഗീകാരം, സ്റ്റോർ പർച്ചേസ് റൂൾ പ്രകാരം ഗവണ്മെന്റ് അംഗീകൃത എജെൻസി /ജെം പോർട്ടൽ-ൽ നിന്നുള്ള എസ്റ്റിമേറ്റ്/ഇൻവോയ്സ് അനുബന്ധരേഖകളും സമർപ്പിക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ടുള്ള ബഹു ജോയിന്റ് ഡയറക്ടർ ,തദ്ദേശ സ്വയംഭരണ വകുപ്പ് തൃശ്ശൂർ എന്നവരുടെ 22.08.2025 തിയതിയിലെ DCTSR/11143/2025-FN9 നമ്പർ കത്ത് ലഭ്യമായിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഭരണാനുമതി നൽകുന്നതിന് തീരുമാനിച്ചു.

55. **വിഷയം (ഫയൽ നമ്പർ - 2140622-2026)**

തൃശ്ശൂർ കോർപ്പറേഷൻ-പൊതുമരാമത്ത് വിഭാഗം-തൃശ്ശൂർ നിയോജകമണ്ഡലം എം എൽ എ 2025-26 വർഷത്തെ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ശിവരാമപുരം ഉന്നതിയിൽ സാംസ്കാരിക നിലയം എന്ന പ്രവൃത്തിക്ക് കൗൺസിൽ അംഗീകാരം ലഭ്യമാക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷൻ-പൊതുമരാമത്ത് വിഭാഗം-തൃശ്ശൂർ നിയോജകമണ്ഡലം എം എൽ എ 2025-26 വർഷത്തെ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന അയ്യന്തോൾ സോണൽ ഡിവിഷൻ-53 ൽ ശിവരാമപുരം ഉന്നതിയിൽ സാംസ്കാരിക നിലയം എന്ന പ്രവൃത്തിക്ക് 70,00,000/-രൂപ അനുവദിക്കുന്നതിന് ബഹു തൃശ്ശൂർ എം എൽ എ പി ബാലചന്ദ്രൻ അവർകൾ ശുപാർശ ചെയ്തിട്ടുള്ളതും കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയറെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിയോഗിച്ചിട്ടുള്ളതുമാണ്. ടി പ്രവൃത്തിയുടെ ഭരണാനുമതിക്കായി എസ്റ്റിമേറ്റ് അനുബന്ധരേഖകളും സമർപ്പിക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ടുള്ള ബഹു ജോയിന്റ് ഡയറക്ടർ ,തദ്ദേശ സ്വയംഭരണ വകുപ്പ് ,തൃശ്ശൂർ എന്നവരുടെ 15.02.2026 തിയതിയിലെ LSGD/JD/TSR/993/2026-F5 നമ്പർ കത്ത് ലഭ്യമായിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഭരണാനുമതി നൽകുന്നതിനു തീരുമാനിച്ചു.

56. **വിഷയം (ഫയൽ നമ്പർ - 2139091-2026)**

തൃശ്ശൂർ നിയോജക മണ്ഡലം എം എൽ എ യുടെ 2025-26 ആസ്തി വികസന ഫണ്ട്- ഒല്ലൂക്കര പ്രാഥമികാരോഗ്യകേന്ദ്രം - പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ നിയോജക മണ്ഡലം എം എൽ എ യുടെ 2025-26 ആസ്തി വികസന ഫണ്ടിൽ നിന്നും ഒല്ലൂക്കര പ്രാഥമികാരോഗ്യകേന്ദ്രം - പുതിയ കെട്ടിട നിർമ്മാണത്തിനായി 40 ലക്ഷം രൂപ അനുവദിച്ചു കൊണ്ടും എക്സിക്യൂട്ടീവ് എഞ്ചിനീയർ pwd buildings നെ നിർവഹണഉദ്യോഗസ്ഥനായി നിർദേശിച്ചുകൊണ്ടും ബഹു തൃശ്ശൂർ എം എൽ എ ശ്രീ പി. ബാലചന്ദ്രൻ ശുപാർശ ചെയ്തിട്ടുണ്ട്. ആയതിന് ഭരണാനുമതി നൽകുന്നതിലേയ്ക്ക് ഭരണസമിതി തീരുമാനവും ആസ്തി രജിസ്റ്ററിന്റെ പകർപ്പും സമർപ്പിക്കുന്നതിനായി തൃശ്ശൂർ ജില്ലാ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ ഓഫിസിൽ നിന്നും 15.02.2026 തീയതിയിലെ LSGD/JD/TSR/991/2026-F5 നമ്പർ കത്ത് ലഭിച്ചിട്ടുണ്ട് ആയതിന് ഭരണാനുമതി നൽകുന്നതിനു തീരുമാനിച്ചു.

57. **വിഷയം (ഫയൽ നമ്പർ - 4834572-2025)**

OLR-DIV-28 -KUNDOLIPADAM DRAIN MAINTENANCE AND ROAD RETARRING -P NO-497- എസ്റ്റിമേറ്റ് തുകയിൽ അധികരിക്കാതെ Revised Estimate തയ്യാറാക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. Annual Plan-Thrissur corporation 2025-26 O llur zonal division 28 Kundoli Padam Drain Maintence and Road Retarring -P no-497 എന്ന പ്രവർത്തിയിൽ Road drain cover slab ,Restoration, Road rising ,Tarring എന്നീ ഇനങ്ങൾ ഉൾപെടുത്തിയാണ് estimate തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ മേൽ പ്രവർത്തിയിൽ, Restoration Water Authority ചെയ്തിട്ടുള്ളതാണ്. Road width 3.00 മാത്രമാണ് ഉള്ളത്. ആയതിൽ പ്രസ്തുത പ്രവർത്തിയിൽ drain width 80cm ഉള്ളതിനാൽ carrage way 2.20 മാത്രമാണ് ലഭ്യമാവുന്നത്. ഈ സാഹചര്യത്തിൽ drain-നു മുകളിൽ full cover slab നല്കിയിട്ടില്ലെകിൽ വാഹനഗതാഗതം സുഗമമല്ലാതാകും എന്ന പരിസരവാസികളുടെയും വാർഡ് മെമ്പറുടെയും നിർദ്ദേശം പരിഗണിച്ചു ഒല്ലൂർ സോണൽ അസിസ്റ്റന്റ്എഞ്ചിനീയർ സ്ഥല പരിശോധന നടത്തി ബോധ്യപ്പെട്ടിട്ടുള്ളതാണ്.ആയതിനാൽ മേൽ പ്രവർത്തിയുടെ Revised Estimate , എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും തീരുമാനിച്ചു.

58. **വിഷയം (ഫയൽ നമ്പർ - 1729386-2026)**

ബഹു തൃശ്ശൂർ എം എൽ എ ശ്രീ പി ബാലചന്ദ്രൻ അവർകളുടെ ആസ്തി വികസന ഫണ്ട് വിനിയോഗം ശുപാർശ ചെയ്ത പ്രവൃത്തികൾക്ക് ബഹു കൗൺസിൽ അംഗീകാരം ലഭ്യമാക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. ബഹു. തൃശ്ശൂർ നിയോജകമണ്ഡലം എം എൽ എ ശ്രീ പി ബാലചന്ദ്രൻ അവർകളുടെ 2025-26 വർഷത്തെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് തൃശ്ശൂർ നിയോജകമണ്ഡലത്തിലെ കോർപ്പറേഷൻ പരിധിയിലെ ഡിവിഷൻ 15 ൽ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനായി കൗൺസിൽ തീരുമാനം ഉൾപ്പടെയുള്ള അനുബന്ധ രേഖകൾ സമർപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ നിന്നും സൂചന പ്രകാരം അറിയിപ്പ് ലഭിച്ചിട്ടുള്ളതാണ്. പ്രവൃത്തി സർക്കാരിന്റെ അക്രഡിറ്റഡ് ഏജൻസികളുടെ ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ മുഖേന നിർവ്വഹണം നടത്തുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. പ്രവൃത്തികൾക്ക് അനുമതി നൽകുന്നതിനും ഇതിന്റെ നിർവ്വഹണത്തിനായി അക്രഡിറ്റഡ് ഏജൻസികൾക്കിടയിൽ ലിമിറ്റഡ് ടെണ്ടർ നടത്തുന്നതിനും നിർമ്മിക്കപ്പെടുന്ന ആസ്തികളുടെ പരിപാലനം, ആവർത്തന സ്വഭാവമുള്ള ചെലവുകളുടെ ചുമതല ഏറ്റെടുക്കൽ എന്നിവക്ക് അനുമതി നൽകുന്നതിനും തീരുമാനിച്ചു.നിർദ്ദേശിച്ചിട്ടുള്ള സ്ഥലങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു. സ്ഥാപിക്കപ്പെടുന്ന തെരുവുവിളക്കുകൾ ഉൾപ്പെടെയുള്ള ആസ്തികളുടെ പരിപാലന ചുമതലയും ,ഇലക്ട്രിസിറ്റി ചാർജ് ഉൾപ്പെടെയുള്ള ആവർത്തന സ്വഭാവമുള്ള ചെലവുകളും കോർപ്പറേഷൻ വഹിക്കേണ്ടതാണെന്ന് തീരുമാനിച്ചു.

**മിനിമാസ്റ്റ് ലൈറ്റുകൾ**

1. ഡിവിഷൻ 15-ലക്ഷം വീട് ഉന്നതി അംഗൻവാടിക്ക് സമീപം

2.ശ്രേയസ്സ് നഗർ

3.ചന്തുവാരം ജംഗ്ഷൻ

4.കുന്നത്തുകര ആശാരി ക്ഷേത്രത്തിന് സമീപം

59. **വിഷയം (ഫയൽ നമ്പർ - 2132411-2026)**

തൃശ്ശൂർ കോർപ്പറേഷൻ - ആറാം ഡിവിഷൻ - സന്ധ്യാരാമം കുടിവെള്ള പദ്ധതി - മോട്ടോർ മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. തൃശൂർ കോർപറേഷൻ വിൽവട്ടം സോണൽ ഡിവിഷൻ -06 സന്ധ്യാരാമം സ്വാശ്രയ കുടിവെള്ള പദ്ധതിയുടെ ഭാഗമായിട്ടുള്ള മോട്ടോർ കേടുവന്നു എന്നും , നിലവിൽ നൂറോളം വരുന്ന കുടുംബങ്ങൾ പൊതുടാപ്പിനെയാണ് വെള്ളത്തിനായി ആശ്രയിക്കുന്നതെന്നും , വരുന്ന വേനലിന് മുന്നിൽ കണ്ടുകൊണ്ട് മോട്ടോർ എത്രയും വേഗം നിലവിൽ ഉള്ളത് മാറ്റി പുതിയത് സ്ഥാപിക്കണമെന്ന് കാണിച്ച് ഡിവിഷൻ കൗൺസിലർ കത്ത് സമർപ്പിച്ചിട്ടുണ്ട് . പുതിയ മോട്ടോർ സ്ഥാപിക്കുന്നതിനുള്ള പ്രേജക്ട് നമ്പർ 703/27 പ്രകാരം 26-27 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമായിട്ടുണ്ട് . എന്നാൽ മേൽ പറഞ്ഞ കുടിവെള്ള പദ്ധതിയുടെ മോട്ടോർ മാറ്റി സ്ഥാപിക്കുന്നതിന് 1,50,000/- രൂപയുടെ എസ്റ്റിമേറ്റാണ് അസി. എഞ്ചിനീയർ തയ്യാറാക്കിയിട്ടുള്ളത് . നിരവധി കുടുംബങ്ങളുടെ കുടിവെള്ള പ്രശ്നവുമായി ബന്ധപ്പെട്ട വിഷയമായതിനാൽ പുതിയ മോട്ടോർ വാങ്ങി സ്ഥാപിക്കുന്ന പ്രവൃത്തി അടിയന്തിരമായി സ്വീകരിക്കേണ്ടതിനാൽ 1,50,000/- രൂപ യുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും ആയതിന് അനുസൃതമായി തുടർ നടപടിസ്വീകരിക്കുന്നതിന് വിൽവട്ടം അസി. എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നതിനും 2026-2027 പദ്ധതി ഭേദഗതിക്ക് അവസരം ലഭിക്കുന്ന അവസരത്തിൽ 703/2027 നമ്പർ പദ്ധതിയുടെ അടങ്കൽ തുക 1,50,000/- രൂപയായി ഭേദഗതി ചെയ്യുന്നതിനും തീരുമാനിച്ചു.

60. **വിഷയം (ഫയൽ നമ്പർ - 369914-2025)**

തൃശൂർ കോർപറേഷൻ റവന്യൂ വിഭാഗം - മേനാച്ചേരി മെമോറിയൽ കെട്ടിടത്തിന്റെ താഴത്തെ നിലയുടെ പണി പൂർത്തീകരിച്ചതിനാൽ പ്രസ്തുത കടമുറികൾ പഴയ വാടകക്കാർക്ക് തിരികെ ഏൽപിക്കുന്നതിനും , പ്രതിമാസ വാടക നിശ്ചയിക്കുന്നതും സംബന്ധിച്ച്

**ചർച്ച**

T R Hiran വാർഡ് - 6 (വിയോജിച്ചു):

നിയമാനുസരണം നടപടി സ്വീകരിക്കുക.

Limna Manoj വാർഡ് - 32 (വിയോജിച്ചു):

നിയമാനുസരണം നടപടി സ്വീകരിക്കുക.

Sindhu Thaikkadan വാർഡ് - 8 (വിയോജിച്ചു):

നിയമാനുസരണം നടപടി സ്വീകരിക്കുക.

Sowmya Pradeesh വാർഡ് - 16 (വിയോജിച്ചു):

നിയമാനുസരണം നടപടി സ്വീകരിക്കുക.

M L Rosy വാർഡ് - 19 (വിയോജിച്ചു):

നിയമാനുസരണം നടപടി സ്വീകരിക്കുക.

Smitha Aneesh വാർഡ് - 26 (വിയോജിച്ചു):

നിയമാനുസരണം നടപടി സ്വീകരിക്കുക.

P Sukumaran വാർഡ് - 39 (വിയോജിച്ചു):

നിയമാനുസരണം നടപടി സ്വീകരിക്കുക.

Sijith M S വാർഡ് - 41 (വിയോജിച്ചു):

നിയമാനുസരണം നടപടി സ്വീകരിക്കുക.

Sunitha Vinod വാർഡ് - 49 (വിയോജിച്ചു):

നിയമാനുസരണം നടപടി സ്വീകരിക്കുക.

Jees George വാർഡ് - 20 (വിയോജിച്ചു):

നിയമാനുസരണം നടപടി സ്വീകരിക്കുക.

Adv Anees Ahammad T A വാർഡ് - 14 (വിയോജിച്ചു):

നിയമാനുസരണം നടപടി സ്വീകരിക്കുക.

Dr Keerthana Karthikeyan വാർഡ് - 30 (വിയോജിച്ചു):

നിയമാനുസരണം നടപടി സ്വീകരിക്കുക.

Shaju Kundoly വാർഡ് - 53 (വിയോജിച്ചു):

നിയമാനുസരണം നടപടി സ്വീകരിക്കുക.

**തീരുമാനം**

1. വിഷയം വിശദമായി ചർച്ച ചെയ്തു. നഗരസഭയുടെ ഉടമസ്ഥതയിലുള്ളതും കാലപ്പഴക്കത്താൽ തകർന്ന് വീണതുമായ മേനാച്ചേരി മെമ്മോറിയൽ കെട്ടിടത്തിന്റെ പുനർനിർമാണം നടത്തിയതിൽ താഴത്തെ നിലയുടെ നിർമ്മാണം പൂർത്തീകരിച്ച് പാർഷ്യൽ ഒക്യുപൻസി ലഭിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 1 മുതൽ 14 വരെയുള്ള താഴത്തെ നിലയിലെ കടമുറികൾക്ക് 36/260/1 മുതൽ 36/260/14 വരെ കെട്ടിട നമ്പർ അനുവദിച്ച് നൽകിയിട്ടുള്ളതാണ് . കാലപ്പഴക്കത്താൽ തകർന്നു വീണ പഴയ കെട്ടിടത്തിലെ കച്ചവടക്കാർക്ക് പകരം സംവിധാനം ഇതുവരെ ലഭിച്ചിട്ടില്ലാത്തതിനാൽ കെട്ടിടത്തിന്റെ നിർമ്മാണ ഘട്ടത്തിൽ വ്യാപാരികളുമായി നടത്തിയ മിനുട്സിൽ രേഖപ്പെടുത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ മേൽ കെട്ടിടത്തിലെ കടമുറികൾ നിലവിൽ ഉണ്ടായിരുന്ന കച്ചവടക്കാർക്കു തന്നെ തിരികെ നൽകുന്നതിനായി തീരുമാനിച്ചിട്ടുള്ളതാണ് . .07/11/2025 തീയ്യതിയിൽ കൂടിയ കോർപറേഷൻ കൌൺസിലിലെ 26/1 നമ്പർ തീരുമാനം പ്രകാരം കടമുറികൾ അംഗീകരിച്ച ലിസ്റ്റും ലഭ്യമാക്കിയിട്ടുള്ളതാണ് . നിലവിൽ 01/12/2017 തീയ്യതിയിൽ കോർപറേഷൻ കൌൺസിലിന്റെ 2 ാം നമ്പർതീരുമാന പ്രകാരമുള്ള മാർക്കറ്റ് നിരക്ക് 75 രൂപയാണ് നിലവിലുള്ളത് . 01/12/2017 ന് ശേഷം മാർക്കറ്റ് നിരക്ക് പുതുക്കി നിശ്ചയിച്ചിട്ടില്ലാത്തതാണ് . എന്നാൽ ടി കെട്ടിടം പുനരധിവാസത്തിനായി പുതിയതായി റീബിൽഡ് ചെയ്തതാണ്. ടി കെട്ടിടത്തിൽ ഉണ്ടായിരുന്ന വാടകക്കാർ ടി കെട്ടിടം 2019 ലെ മഴക്കാലത്ത് കെട്ടിടത്തിന്റെ ഒരു ഭാഗം വീഴുകയും തുടർന്ന് കോർപറേഷൻ കെട്ടിടം

മുഴുവനും പൊളിച്ചുമാറ്റുകയും അവിടെയുള്ള എല്ലാ വാടകക്കാരെയും പുനരധിവസിക്കാം എന്ന ഉറപ്പിമേൽ 6 വർഷത്തെ കാത്തിരിപ്പിനൊടുവിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് തങ്ങൾക്ക് ഇപ്പോൾ ലഭിച്ചിട്ടുള്ളതാണെന്നും ഈ അവസരത്തിൽ 2019 ലെ വാടക തന്നെ ഈടാക്കണമെന്നും കമ്മറ്റി മുമ്പാകെ രേഖാമൂലം അപേക്ഷ നൽകിയിട്ടുണ്ട് . എന്നാൽ ടി മേനാച്ചേരി കെട്ടിടം പുതുതായി നിർമ്മിക്കുന്നതിലേക്കായി ഏകദേശം 2.25 കോടി രൂപയോളം ഇപ്പോൾ ചെലവഴിച്ചിട്ടുള്ളതും ഇനിയും 2.25 കോടിയോളം ചെലവഴിക്കേണ്ടതായിട്ടുള്ളതുമാണ്. കൂടാതെ ടി കെട്ടിടം നഗര ഹൃദയത്തിലുള്ളതും വളരെ വാണിജ്യ പ്രാധാന്യമുള്ള സ്ഥലവുമാണ്. ആയതിനാൽ സമീപപ്രദേശത്തുള്ള സമാന സ്വഭാവമുള്ള സ്വകാര്യ കെട്ടിടങ്ങളുടെ വാടക നിരക്കുമായി താരതമ്യപ്പെടുത്തുമ്പോൾ 2017 ലെ നിരക്കിൽ നിന്നും ആനുപാതിക വർദ്ധനവ് വരുത്തി ച. അടിക്ക് 100 രൂപയാക്കിനിശ്ചയിക്കുന്നതിന് കൌൺസിലിലേക്ക് ശുപാശ ചെയ്തതു പ്രകാരം അടിസ്ഥാന നിരക്ക് ച. അടിക്ക് 100 /- രൂപ ആക്കുന്നതിന് തീരുമാനിച്ചു. റൂമുകൾ ലൈസൻസികൾക്ക് നൽകുന്നത് സംബന്ധിച്ച ബൈലോയിലെ ക്രമനമ്പർ 31 പ്രകാരം പുനരധിവാസത്തിനായി അനുവദിക്കുന്ന കെട്ടിടങ്ങൾക്ക് ഓപ്പൺ ടെണ്ടറിലൂടെ അതേ കെട്ടിടത്തിന്റെ സമാന സ്ഥിതിയിലുള്ള മുറിക്ക് ലഭിക്കുന്ന പരമാവധി പ്രതിമാസ ലൈസൻസ് ഫീയുടെ 15% മാത്രം ഇളവ് അനുവദിക്കുന്നതിന് നിഷ്കർഷിച്ചിട്ടുണ്ട് , ആയത് ടി ഇളവ് നൽകുന്നതിനും തീരുമാനിച്ചു.

61. **വിഷയം (ഫയൽ നമ്പർ - 2063621-2026)**

തൃശ്ശൂർ കോർപ്പറേഷൻ - MLA SDF - വില്ലടം ഗവ. ഹയർ സെക്കണ്ടറി സ്ക്കൂൾ കവാട നിർമ്മാണം - സംബന്ധിച്ച്

**തീരുമാനം**

1. ബഹു. തൃശ്ശൂർ നിയോജകമണ്ഡലം എം എൽ എ ശ്രീ പി ബാലചന്ദ്രൻ അവർകളുടെ 2025-26 വർഷത്തെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് തൃശ്ശൂർ നിയോജകമണ്ഡലത്തിലെ കോർപ്പറേഷൻ പരിധിയിലെ വില്ലടം ഗവ.ഹയർ സെക്കൻഡറി സ്ക്കൂളിന് പ്രവേശന കവാട നിർമ്മാണത്തിനായി 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും , ആയതിന് ഭരണാനുമതി നൽകുന്നതിനായി കൗൺസിൽ തീരുമാനം ഉൾപ്പടെയുള്ള അനുബന്ധ രേഖകൾ സമർപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം ഭരണാനുമതി നൽകി കൊണ്ട് തീരുമാനിച്ചു.

62. **വിഷയം (ഫയൽ നമ്പർ - 2078129-2026)**

തൃശ്ശൂർ കോർപ്പറേഷൻ -മരാമത്ത് വിഭാഗം - ടെണ്ടർ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷനിൽ 2025-26 വാർഷിക പദ്ധതിയിലുൾപ്പടുത്തി എക്സിക്യൂട്ടീവ് എഞ്ചിനീയർ 2 നിർവ്വഹണ ഉദ്യോഗസ്ഥയായിട്ടുള്ള താഴെ പറയുന്ന പ്രോജക്ടുകളുടെ

ടെണ്ടർ അംഗീകരിക്കുന്നതിനും തീരുമാനിച്ചു.

| No | File N o | Name of work | Pro.No | Division | Quoted Amount | Name of contracter | CFC |
|---|---|---|---|---|---|---|---|
| 1 | 884181/25 | Annual plan-099/25 Kurupala Kattachira thodu - Thrissur corperation 2025-26 Vilvattom zonal Division 11 Kuruppal Kattachira Thodu-Puthan Vettuvazhi, Museums cross line , Manavazhi thodu cleaning | 99/26 | 11 | 190966/- | M O Davis | CFC |
| 2 | 884254/25 | Thrissur Corperation 2025-26 Vilvattom Zonal Division 08 | 148/26 | 8 | 167848/- | M O Davis | CFC |

| | | | | | | | |
|---|---|---|---|---|---|---|---|
| | | Thodu cleaning at peruntannichira keezhattupuram kambolachira karuvalchal karattupala | | | | | |
| 3 | 884340/25 | Thrissur corperation 2025-26 Vilvattom Zonal Division 09 thodu cleaning at kavalakadan arival palam to kalladimoola | 154/26 | 9 | 193540/- | M O Davis | CFC |
| 4 | 3599240/25 | Thrissur Corperation West Zonal Metro thodu cleaning Reach -1 Division 38 | 170/26 | 38 | 63988/- | M O Davis | |

63. **വിഷയം (ഫയൽ നമ്പർ - 2149937-2026)**

തൃശ്ശൂർ കോർപ്പറേഷൻ - പൊതുമരാമത്ത് വിഭാഗം - തൃശ്ശൂർ നിയോജക മണ്ഡലം ബഹു. MLA SDF 2025-26 - 'വിൽവട്ടം കുടുംബാരോഗ്യ കേന്ദ്രം പുതിയ കെട്ടിട നിർമ്മാണം ' എന്ന പ്രവൃത്തിക്ക് കൌൺസിൽ തിരുമാനം ലഭ്യമാക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷൻ - പൊതുമരാമത്ത് വിഭാഗം - തൃശ്ശൂർ നിയോജക മണ്ഡലം ബഹു.MLA SDF 2025-26 പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിൽവട്ടം കുടുംബാരോഗ്യ കേന്ദ്രം - പുതിയ കെട്ടിടനിർമ്മാണം ' എന്ന പ്രവൃത്തിക്ക് 4000000/- (നാല്പത് ലക്ഷം രൂപ ) അനുവദിക്കുന്നതിന് ബഹു. MLA ശുപാർശ ചെയ്തിട്ടുള്ളതും , PWD Buildings നെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിർദ്ദേശിച്ചിട്ടുള്ളതുമാണ്. ടി പ്രവൃത്തിയുടെ ഭരണാനുമതിക്കായി എസ്റ്റിമേറ്റ് അനുബന്ധ രേഖകളും സമർപ്പിക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ടുള്ള ബഹു.ജില്ലാ ജോയിന്റ് ഡയറക്ടറുടെ കത്ത് ലഭ്യമായിട്ടുള്ളതാണ് . ടി പ്രവൃത്തിയുടെ ഭരണാനുമതി നൽകുന്നതിനും തീരുമാനിച്ചു.

64. **വിഷയം (ഫയൽ നമ്പർ - 1728521-2026)**

ബഹു തൃശ്ശൂർ എം എൽ എ ശ്രീ പി ബാലചന്ദ്രൻ അവർകളുടെ ആസ്തി വികസന ഫണ്ട് വിനിയോഗം ശുപാർശ ചെയ്ത പ്രവൃത്തികൾക്ക് ബഹു കൗൺസിൽ അംഗീകാരം ലഭ്യമാക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. ബഹു. തൃശ്ശൂർ നിയോജകമണ്ഡലം എം എൽ എ ശ്രീ പി ബാലചന്ദ്രൻ അവർകളുടെ 2025-26 വർഷത്തെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് തൃശ്ശൂർ നിയോജകമണ്ഡലത്തിലെ കോർപ്പറേഷൻ പരിധിയിലെ ഡിവിഷൻ 19 ൽ ഹൈ മാസ്റ്റ് ലൈറ്റും, മിനി മാസ്റ്റ് ലൈറ്റും സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനായി കൗൺസിൽ തീരുമാനം ഉൾപ്പടെയുള്ള അനുബന്ധ രേഖകൾ സമർപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ നിന്നും സൂചന പ്രകാരം അറിയിപ്പ് ലഭിച്ചിട്ടുള്ളതാണ്. പ്രവൃത്തി സർക്കാരിന്റെ അക്രഡിറ്റഡ് ഏജൻസികളുടെ ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ മുഖേന നിർവ്വഹണം നടത്തുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. പ്രവൃത്തികൾക്ക് അനുമതി നൽകുന്നതിനും ഇതിന്റെ നിർവ്വഹണത്തിനായി അക്രഡിറ്റഡ് ഏജൻസികൾക്കിടയിൽ ലിമിറ്റഡ് ടെണ്ടർ നടത്തുന്നതിനും.സ്ഥാപിക്കപ്പെടുന്ന തെരുവുവിളക്കുകളുടെ ഇലക്ട്രിസിറ്റി ചാർജ് ഉൾപ്പെടെയുള്ള ആവർത്തന സ്വഭാവമുള്ള ചെലവുകളും കോർപ്പറേഷൻ വഹിക്കുന്നതിനും തീരുമാനിച്ചു.

**ഹൈമാസ്റ്റ് ലൈറ്റുകൾ**

1. ഡിവിഷൻ 19-വിൻപി നഗർ

**മിനിമാസ്റ്റ് ലൈറ്റുകൾ**

1. ഡിവിഷൻ 19-ജീസസ് നഗർ (2 എണ്ണം)

65. **വിഷയം (ഫയൽ നമ്പർ - 2052144-2026)**

തൃശൂർ കോർപ്പറേഷൻ -റവന്യൂ വിഭാഗം (R13)- ഇൻഡോർ സ്റ്റേഡിയത്തിനു സമീപത്തുള്ള ഹോക്കി മൈതാനത്ത് രണ്ടാമത് കൊച്ചമ്മു മെമ്മോറിയൽ ഫുട്ബാൾ ടൂർണമെന്റ് സംഘടിപ്പിക്കുന്നതിനുള്ള അനുമതി സംബന്ധിച്ച് .

**തീരുമാനം**

1. തൃശൂർ ഇൻഡോർ സ്റ്റേഡിയത്തിന് പരിസരത്തുള്ള ഹോക്കി ഗ്രൌണ്ടിൽ ഒരു SFA അംഗീകൃത സെവൻസ് ഫുട്ബാൾ ടൂർണമെന്റ് ,ബഹു.ഐ .എം. വിജയന്റെ അമ്മ ശ്രീമതി ."കൊച്ചമ്മു " വിന്റെ നാമധേയത്തിൽ "കാൽ പന്താണ് ലഹരി" എന്ന ആശയത്തിലൂന്നി പുതു തലമുറയെ ഇത്തരം കായിക മാമാങ്കങ്ങളുടെ ഭാഗമാക്കുക എന്ന ലക്ഷ്യം ഉൾക്കൊണ്ടു 2026 മാർച്ച് മാസം 17 മുതൽ ഏപ്രിൽ മാസം 13 വരെ നടത്തുന്നതിനും ,ടിക്കറ്റ് നിരക്കിൽ നടത്തുന്ന ടൂർണമെന്റിന്റെ വിനോദ നികുതി ഒഴിവാക്കുന്നതിനും ഗ്രൌണ്ട് വാടക ഇനത്തിൽ ഇളവു നൽകുന്നതിനും ആവശ്യപ്പെട്ടു കൊണ്ട് കൊച്ചമ്മു മെമ്മോറിയൽ ടൂർണമെന്റ് കമ്മിറ്റി ഭാരവാഹികൾ നൽകിയ അപേക്ഷ കൌൺസിൽ വിശദമായി ചർച്ച ചെയ്തു ഗ്രൌണ്ട് നന്നാക്കുന്നതിനും സംരക്ഷിക്കുന്നതിനും കുട്ടികൾക്ക് ആവശ്യമായ പരിശീലനം ലഭ്യമാക്കുന്നതിനും വേണ്ടി ഗ്രൌണ്ട് ഒരുക്കുന്നതിന് തന്നെ ഏകദേശം 3 ലക്ഷം രൂപയോളം ചെലവ് പ്രതീക്ഷിക്കുന്നുണ്ട് എന്ന കൊച്ചമ്മു മെമ്മോറിയിൽ ടൂർണമെന്റ് കമ്മിറ്റിയുടെ അപേക്ഷ പരിഗണിച്ച് 1998 ലെ കേരള മുനിസിപ്പാലിറ്റി ( പാട്ടക്കാർക്കും / ലൈസൻസിക്കും / കരാറുകാർക്കും കിസ്തിളവ് അനുവദിക്കൽ ) ചട്ടങ്ങൾ പ്രകാരം പരമാവധി 10000 /- രൂപ വാടകയിൽ ഇളവ് അനുവദിക്കുന്നതിന് സർക്കാർ അനുമതിക്ക് വിധേയമായി നികുതി ഒഴിവാക്കി നൽകുന്നതിനും അതുവരെ വിനോദ നികുതി ടിയാൻ അടവാക്കേണ്ടതാണ് എന്നും സർക്കാർ അനുമതി ലഭിക്കുന്ന മുറക്ക് തുക തിരികെ നൽകുന്നതിനും തീരുമാനിച്ചു.

04:30 PMന് യോഗം അവസാനിച്ചു

Signature Not Verified
Digitally signed by NIJI JUSTIN
Date: 2026.03.23 16:06:38 IST
Reason: KSMART

Dr Niji Justin
Mayor